Draft #2 of File 31097/AC D-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 27-Nov-2020 09:50 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം.ഫിൽ വിദൂര വിദ്യാഭ്യാസ ബിരുദം - അംഗീകാരം - Madurai Kamaraj University അവാർഡ് ചെയ്ത Master of Philosophy in History (Distance Education) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുല്യത അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ എം. നൽകിയ അപേക്ഷ നിരസിക്കുവാനും UGC Minimum Standards and Procedure for award of M.Phil/Ph.D Regulations 2009ന്റെ ഗസറ്റ് വിജ്ഞാപന തീയതിയായ ജൂലൈ 11, 2009ന് മുൻപ് പ്രവേശനം നേടുകയും 4 സെമസ്റ്റർ കാലയളവിനുള്ളിൽ വൈവ ഉൾപ്പെടെ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതുമായ എം.ഫിൽ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് മാത്രം മഹാത്മാഗാന്ധി സർവകലാശാല നേരത്തെ അംഗീകരിച്ചിട്ടുള്ളതാണെങ്കിൽ യോഗ്യതസാക്ഷ്യപത്രം നൽകുവാനും, അംഗീകരിച്ചിട്ടില്ലാത്തതാണെങ്കിൽ കോഴ്സ് റെക്കഗ്നിഷൻ അപേക്ഷ പരിഗണിക്കുവാനും പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തിയാക്കാത്തവരുടെ അപേക്ഷ നിരസിക്കുവാനും തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5653/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.11.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Sri.Rajan M. suja Bhavan, Near Sevanalaya, Pambanaar Post, Peermade നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. AcD/4/4435/2011 dated 11.08.2011

3) UGC Minimum Standards and Procedure for award of M.Phil/Ph.D Regulations 2009

4) 07.09.2020 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 171/31097/AcD-1/2020/REG SECT (13.10.2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (20.05) ഇനം നം. 01/20.05/200241ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1) Madurai Kamaraj University അവാർഡ് ചെയ്ത Master of Philosophy in History (Distance Education) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുല്യത അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ എം. അപേക്ഷ നൽകിയിരുന്നു (പരാമർശം 1). പ്രസ്തുത ബിരുദത്തിന്റെ തുല്യതാ അംഗീകാരത്തിനായി ലഭിച്ച മറ്റൊരു അപേക്ഷ മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. AcD/4/4435/2011 dated 11.08.2011 പ്രകാരം നിരസിച്ചിട്ടുണ്ട് (പരാമർശം 2).

2) ശ്രീ. രാജൻ എം. 2004-2005 കാലയളവിലാണ് M.Phil പഠനം നടത്തിയിരിക്കുന്നതെന്നും 2007

ലാണ് പരീക്ഷ പാസായിരിക്കുന്നതെന്നും എന്നാൽ വൈവ പൂർത്തിയാക്കിയിരിക്കുന്നത് 27.06.2012 ലാണെന്നുമാണ് നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റുകളിൽ നിന്ന് വ്യക്തമായത്.

3) UGC Regulations 2009 (ഗസറ്റ് വിജ്ഞാപനം ജൂലൈ 11, 2009) പ്രകാരം വിദൂര വിദ്യാഭ്യാസം വഴിയുള്ള MPhil / PhD പ്രോഗ്രാമുകൾ നിർത്തലാക്കിയതായി പറയുന്നു. പ്രസ്തുത തീയതിക്ക് മുൻപ് വിവിധ സർവ്വകലാശാലകളിൽ എം.ഫിൽ (വിദൂര വിദ്യാഭ്യാസം) പ്രവേശനം നേടുകയും എന്നാൽ വൈവ പിന്നീട് മാത്രം പൂർത്തിയാക്കുകയും ചെയ്തു മറ്റു ചില അപേക്ഷകരും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അംഗീകാരം/തുല്യതാഅംഗീകാരം ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നു. .

4) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (4) പ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

" i) Madurai Kamaraj University അവാർഡ് ചെയ്ത Master of Philosophy in History (Distance Education) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുല്യത അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ എം. നൽകിയ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു.

ii) UGC Minimum Standards and Procedure for award of M.Phil/Ph.D Regulations 2009ന്റെ ഗസറ്റ് വിജ്ഞാപന തീയതിയായ ജൂലൈ 11, 2009ന് മുൻപ് പ്രവേശനം നേടുകയും 4 സെമസ്റ്റർ കാലയളവിനുള്ളിൽ വൈവ ഉൾപ്പെടെ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതുമായ എം.ഫിൽ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് മാത്രം മഹാത്മാഗാന്ധി സർവകലാശാല നേരത്തെ അംഗീകരിച്ചിട്ടുള്ളതാണെങ്കിൽ യോഗ്യതസാക്ഷ്യപത്രം നൽകുവാനും, അംഗീകരിച്ചിട്ടില്ലാത്തതാണെങ്കിൽ കോഴ്സ് റെക്കഗ്നിഷൻ അപേക്ഷ പരിഗണിക്കുവാനും തീരുമാനിച്ചു. പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തിയാക്കാത്തവരുടെ അപേക്ഷ നിരസിക്കുവാനും തീരുമാനിച്ചു."

5) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) Sri.Rajan M
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യൂ.എ.സി.

Draft #2 of File 31097/AC D-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 27-Nov-2020 09:50 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 31097/AC D-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 27-Nov-2020 09:50 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 31097/AC D-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 27-Nov-2020 09:50 AM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം